(സി) എത്ര കാലയളവിനുള്ളിൽ ടെണ്ടർ വിളിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായിട്ടില്ല.

(ബി) ഭൂവുടമകൾക്ക് പണം നൽകിയിട്ടില്ല.

(സി) സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായശേഷം ടെൻഡർ നടപടികൾ സ്വീകരിക്കുന്നതാണ്.

ചെർപ്പുളശ്ശേരി-പെരിന്തൽമണ്ണ റോഡിൽ ഓവുപാലങ്ങൾ നിർമ്മിക്കാനാവശ്യമായ നടപടികൾ

136 (2855) ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെർപ്പുളശ്ശേരി-പെരിന്തൽമണ്ണ റോഡിൽ കച്ചേരിക്കുന്ന് ഭാഗത്തും കാറൽമണ്ണ 29 ഭാഗത്തും ഓവുപാലങ്ങൾ നിർമ്മിക്കണമെന്നത് സംബന്ധിച്ച് ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിലെ എം.എൽ.എ.-യുടെ നിവേദനം കിട്ടുകയുണ്ടായോ ;

(ബി) പ്രസ്തുത നിവേദനത്തിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ഓവുപാലങ്ങൾ നിർമ്മിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ചെർപ്പുളശ്ശേരി-പെരിന്തൽമണ്ണ റോഡിൽ കച്ചേരിക്കുന്ന് ഭാഗത്ത് (കി.മീ.44/200) ആറ് ലക്ഷം രൂപ ചെലവിൽ ഒരു ഓവുപാലം പുതുക്കിപ്പണിയാൻ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാറൽമണ്ണ 29-ൽ (കി.മീ.29/00) ഓവുപാലം പുനർനിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി ഉടൻതന്നെ ടെന്റർ വിളിക്കുന്നതാണ്.

പട്ടാമ്പി ടൗണിൽ അഴുക്കുചാൽ പദ്ധതി

137 (2856) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടാമ്പി ടൗണിൽ ഒരു അഴുക്കുചാൽ പദ്ധതി ആരംഭിക്കുന്നതിന് നിവേദനം ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതി ആരംഭിക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി&സി) പ്രസ്തുത പണിക്ക് 50 ലക്ഷം രൂപയുടെ ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ആയതിന് ഭരണാനുമതി, പ്രത്യേകാനുമതി, ബഡ്ജറ്റിൽ മതിയായ തുക എന്നിവ ലഭ്യമാകുന്ന മുറയ്ക്ക് പണി ഏറ്റെടുത്ത് നടത്തുവാൻ കഴിയുന്നതാണ്.

റസ്റ്റ് ഹൗസുകളുടെ സ്വകാര്യവത്ക്കരണം

138 (2857) ശ്രീമതി മേഴ്സി രവി :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. വി. ബാലറാം :
ശ്രീ. എം. പി. ഗംഗാധരൻ : താഴെ കാണുന്ന ചോദ്യത്തിന് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

റസ്റ്റ് ഹൗസുകൾ സ്വകാര്യ മേഖലയ്ക്ക് നൽകുന്ന കാര്യത്തിൽ സ്വീകരിച്ച മാനദണ്ഡം എന്തെല്ലാമായിരുന്നു ?

ഉത്തരം

രണ്ട് ഘട്ടമായിട്ടുള്ള തുറന്ന മത്സര യോഗ്യത നിർണ്ണയരീതിയാണ് അവലംബിച്ചത് . യോഗ്യതാനിർണ്ണയവും പ്രപ്പോസൽ പരിശോധനയും, പ്രഥമയോഗ്യതാനിർണ്ണയത്തിനായി താൽപ്പര്യമുള്ള സ്വകാര്യ മൂലധന നിക്ഷേപകരിൽ നിന്നും പത്രപരസ്യം മുഖേന അപേക്ഷകൾ ക്ഷണിക്കുകയും തുടർന്ന് പ്രവർത്തി പരിചയം, സാമ്പത്തിക യോഗ്യത എന്നീ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പ്രഥമ യോഗ്യതാനിർണ്ണയം നടത്തി. ഇതിൽ നിന്നും തിരഞ്ഞെടുത്ത അപേക്ഷകരിൽ നിന്നും ലഭിച്ച പ്രപ്പോസലുകൾ താഴെപ്പറയുന്ന 4 മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മൂല്യനിർണ്ണയം നടത്തിയാണ് അനുയോജ്യരായ സ്വകാര്യ മൂലധന നിക്ഷേപകരെ കണ്ടെത്തിയത്.

1. ബിഡ്ഡർ സ്റ്റാറ്റസ്
2. ഏറ്റവും കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കുന്ന ഓഫർ.
3. ഏറ്റവും ഉയർന്ന കൺസഷൻ പേമെന്റ് ഓഫർ
4. കൺസഷൻ കാലാവധിയുടെ ദൈർഘ്യം.

LIBRARY ARCHIVES Kerala Legislative Assembly